# പൂയംകുട്ടി പദ്ധതി നടപ്പാക്കുന്നതിനെതിരെ സമരപരിപാടികൾ

കേരളത്തിൽ സമീപകാലത്തുതന്നെ വൻതോതിലുള്ള ഭൂചലനത്തിനു സാദ്ധ്യതയുണ്ടെന്നുള്ള ഭൗമശാസ്ത്രപഠന കേന്ദ്രത്തിന്റെ റിപ്പോർട്ട് പൂഴ്ത്തി വച്ചുകൊണ്ട് പൂയംകുട്ടി പദ്ധതി നടപ്പിലാക്കുവാനുള്ള ഗൂഢശ്രമം അണിയറയിൽ തകൃതിയായി നടക്കുകയാണ്. ഡെക്കാൺ ട്രാപ്പിനെക്കുറിച്ച് പഠനം നടത്തിയ അമേരിക്കൻ ഡീസ്യോളജിക്കൽ സൊസൈറ്റിയിലെ ശാസ്ത്രജ്ഞൻ ഡോ. റിച്ചാർഡ് നോർമാൻ കേരളം ഇന്ത്യൻ ഗ്രേറ്റ് മലബാർ ഫോൾട്ട് എന്നറിയപ്പെടുന്ന പ്രദേശമാണെന്നും ഭൂകമ്പസാധ്യതയുണ്ടെന്നും ചൂണ്ടിക്കാട്ടിയിരുന്നു. പാലക്കാട്ടുചുരത്തിനു തെക്കു ഭാഗത്താണ് ഭൂചലനത്തിന് സാധ്യത കൂടുതലെന്ന് ഹൈദരാബാദിലെ നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനങ്ങളും പറയുന്നു.

ജൈവ വൈവിദ്ധ്യം സംബന്ധിച്ച് മുമ്പ് നടത്തിയ മൂന്നു പഠനങ്ങളും പദ്ധതിക്കെതിരായി റിപ്പോർട്ടു നൽകിയിരുന്നു. ഇതിന്റെ ഫലമായി പദ്ധതി നടപ്പാക്കാനായില്ല. എന്നാൽ ഇതു സംബന്ധിച്ച് 1979 ൽ ഉണ്ടായ സുപ്രീം കോടതി വിധിയെ അട്ടിമറിച്ചുകൊണ്ട് ടി. ബി. ജി. ആർ. ഐ. എന്ന സ്ഥാപനത്തെ സ്വാധീനിച്ച് അനുകൂലമായ റിപ്പോർട്ടുണ്ടാക്കി പദ്ധതിയുമായി മുന്നോട്ടുപോകാനാണ് ബോർഡ് ശ്രമിക്കുന്നത്. പബ്ലിക് ഹിയറിങ്ങില്ലാതെ ഒരു പദ്ധതിക്കും അനുമതി റിപ്പോർട്ട് തയ്യാറാക്കരുതെന്ന് കോടതി നിർദ്ദേശവും ലംഘിക്കപ്പെട്ടിരിക്കുകയാണ്. എറണാകുളം ജില്ലയിലെ ഇരുപത്തഞ്ചുലക്ഷം പേർക്ക് കൃഷിക്കും വ്യവസായത്തിനും കുടിവെള്ളത്തിനും ആശ്രയമായ പെരിയാറിനെ സമ്പൂർണ്ണ നാശത്തിനായിരിക്കും ഈ പദ്ധതി വഴിവെയ്ക്കുക.

പദ്ധതി ഗൂഢമാർഗ്ഗത്തിലൂടെ നടപ്പാക്കാനുള്ള ശ്രമ[]ത്തിനെതിരെ ശക്തമായ സമരപരിപാടികൾ ആവിഷ്കരിക്കുന്നതാണെന്ന് പൂയം കുട്ടിസംരക്ഷണ സമിതി യോഗം തീരുമാനിച്ചു. പദ്ധതി സംബന്ധിച്ച രേഖകളും ടി. ബി. ജി. ആർ. ഐ. യുടേതടക്കമുള്ള പാരിസ്ഥിതികാഘാത പഠനറിപ്പോർട്ടുകളും പ്രസിദ്ധീകരിക്കണമെന്ന് സമിതി സർക്കാരിനോടും വൈദ്യുത ബോർഡിനോടും ആവശ്യപ്പെട്ടു. ജനുവരി 26 ന് വൈകീട്ട് രണ്ടുമണിക്ക് എറണാകുളത്തും 31 ന് വൈകീട്ട് തൊടുപുഴയിലും കൺവെൻഷനും പ്രകടനവും നടത്തുന്നതിനും സമിതി തീരുമാനിച്ചു.

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ : ജോൺ പെരുവന്താനം 0484 - 571966, നീലകണ്ഠൻ നമ്പൂതിരി - 0484 - 424322.